**ഭാസ്കരേട്ടന്റെ കടയിലെ**
**പകൽ ചായ...**

ചിതൽ കൂട്ടം മുത്തമിട്ട്
പകുതിയാക്കിയ മരപ്പലകകൾ-
ക്കുമീതെയിരുന്ന്...
സ്വന്തം വയയെ ഭാസ്കരേട്ടന്റെ
മുളങ്കടയ്ക്ക് ചുറ്റും...
ഇളക്കി വിട്ട പഴയകാല പ്രേമിക
ളറിയാതെ തന്നെ
അവരുടെ ശരീരത്തിലേക്കാ-
ചിതലുകൾ പതിയെപതിയെ
കയറാൻ തുടങ്ങി...

നേരമിരുട്ടിയിട്ടുമവരുടെ -
യാ വാക്കുകളുടെ
സഞ്ചരമന്നും തീരാതെ-
പോയി....

ഭാസ്കരേട്ടന്റെ മുളങ്കടയുടെ
ഓലകളെ ഭേദിച്ച് രാജ്യാ -
തിർത്തി വിട്ട്...
അന്യ രാജ്യത്തെത്തിയ അവരുടെ
വാക്കുകളെ പിടിച്ച് കെട്ടാൻ
ഭാസ്കരേട്ടന്റെ പകൽ ചായ
ഇടയ്ക്കിടെയെൻ കാവ്യ -
വരികളിൽ കയറിത്തുടങ്ങി....

അവയ്ക്ക് പിന്നാലെ....
ഭാസ്കരേട്ടന്റെ മധുരക്കട്ടിയേറിയ
പകൽ ചായയുമായി
വഴക്കിട്ടിറങ്ങിയ നേർത്ത പുക -
പടലങ്ങളും നൃത്തം ചെയ്ത്
പോകുന്നതായി കാണാം....

പ്രഭാത തണുപ്പിനെ വക-
വയ്ക്കാതെ വാതോരാതെ
പഴമ ചൊല്ലുന്ന ഭാസ്ക-
രേട്ടന്റെ റേഡിയോയിന്നും
ആ പ്രായമേറിയ മനുഷ്യ
രുടെ സംസാരത്തെ
അലസത്തപ്പെടുത്തുന്ന-
തുമായും  കാണാം....

എന്തിരുന്നാലും,....
ഇത്രയുമാകുമ്പോഴേക്കുമാ-
ചിതലുകളവരുടെ മുട്ടോളം
കയറിയിരുന്നു...

വാർദ്ധ്യക്കത്തിന്റെ അലങ്കാര -
വസ്ത്രം മാത്രമെന്നുമണിഞ്ഞ്
വരുന്നയാ സഭയിലേക്കെന്നും
യൗവനത്തിന്റെ പുത്തനുടുപ്പിട്ട്
വരുന്ന പത്രത്താളുകളെ
മാത്രമിന്നുമാരും ശ്രദ്ധിച്ചിരുന്നില്ല...

ആ പത്രമെന്നുമൊരു പുതനായിരുന്നെങ്കിലും
അതിന്റെ പവിത്രതയെന്നും
നിർവീര്യമായിത്തുടങ്ങി...

അതെ,...
ഈ കൊടും തണുപ്പിനെതിരെ
മല്ലിട്ട് ഞാനെഴുതിയ ഈ കവിതയും
പകൽ ചായയിൽ ഊളിയിട്ടതൊരു
തെറ്റാകുമോ?....

അവിശ്വസനീയമാമീ ലോക
ത്തിൽ കെട്ട് കഥകൾക്കും വേണ്ടേ
ഒരു സ്ഥാനം....

_ ഇബ്രാഹിം മുട്ടം